LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ലാബുകളിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രവർത്തനക്ഷമതയും ഗുണനിലവാരവും നിരന്തരമായി ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥിതി നിലവിലുണ്ട്. കെ.എം.എസ്.സി.എൽ. മുഖേനയുള്ള ഉപകരണങ്ങളാണ് ടി സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ലാബുകളുടേയും പബ്ലിക് ഹെൽത്ത് ലാബുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലാബ് സൗകര്യം ഇല്ലാത്ത സ്ഥാപനങ്ങളിൽ ആർദ്രം, എൻ.എച്ച്.എം., പഞ്ചായത്ത്, എച്ച്.എം.സി. എന്നിവയുടെ സഹായത്തോടുകൂടി പുതിയ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിലെയും പബ്ലിക് ഹെൽത്ത് ലാബുകളിലെയും പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്താകെ 677 ലാബ് ടെക്നീഷ്യന്റെയും 8 ജൂനിയർ ലാബ് ടെക്നീഷ്യന്റെയും 2 ചീഫ് ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി

154 (3181) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

നിലവിൽ ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന നയമാണ് സർക്കാർ അവംലബിച്ചിട്ടുള്ളത്. ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന മീനച്ചിൽ താലൂക്കിൽ തന്നെ ടി സ്ഥാപനത്തിന് 12 കിലോമീറ്റർ അകലെയായി പാലാ ജനറൽ ആശുപത്രി, 19 കി.മീ. അകലെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു. നിലവിലുള്ള ആശുപത്രികളുടെ പദവി ഉയർത്തുക എന്നതിനുപകരം നിലവിലുള്ള സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ശ്രുതീകൃതമായ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ഈരാറ്റുപേട്ട പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ്

ടെക്നിഷ്യൻ എന്നീ തസ്തികകൾ ഇതിനോടകം സൃഷ്ടിച്ചുനല്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രി നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലം ഉൾപ്പെടുന്ന മീനച്ചിൽ താലൂക്കിന് അനുവദിച്ചിരിക്കുന്ന താലൂക്കാശുപത്രി കുറവിലങ്ങാട് സ്ഥിതി ചെയ്യുന്നു.

ആശുപത്രിയുടെ വികസനത്തിന് തുക

155 (3182) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തുക അനുവദിച്ചിട്ടുണ്ട്. 30-7-2020-ലെ സ.ഉ. (സാധാ) നമ്പർ 1394/2020/ആ.കു.വ പ്രകാരം ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പുതിയ ഒ.പി. ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന 12.31 കോടി രൂപയുടെ ഭരണാനുമതിയും 11.04 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മാണത്തിനായി കിഫ്ബി പദ്ധതി മുഖേന 1.568 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി കെട്ടിടവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്. അനുവദിച്ച അനുബന്ധ ഉപകരണങ്ങൾ, ജനറേറ്റർ എന്നിവയുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതാണ്. തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ട്. കിഫ്ബി മുഖേന പുതിയ ഒ.പി. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly